ബഹുമാന്യരേ,

14–ാം പഞ്ചവത്സരപദ്ധതിയുടെ അവസാന വർഷമാണ് 2026–27.ക്കുരോപ്പട ഗ്രാമപഞ്ചായത്തിൻറെ 2025–30 ഭരണസമിതിയുടെ ആദ്യ ബഡ്ജറ്റ് അവതരിപ്പിക്കുകയാണ് ജനകീയാസൂത്രണത്തിൻറെ 30 വർഷങ്ങൾ പിന്നിട്ട ഈ കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ചുമതലകളും കർത്തവ്യങ്ങളും വർദ്ധിച്ചിട്ടുണ്ട്. ആയവ യഥാവിധി നിർവ്വഹിക്കുന്നതിന് നമുക്ക് ഒറ്റക്കെട്ടായി ആത്മാർത്ഥമായി പരിശ്രമിക്കാം.

കോവിഡാനന്തര ലോകം നേരിടുന്ന സാമ്പത്തിക വെല്ലുവിളികളെ തരണം ചെയ്യുവാൻ, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാൻ, ക്ഷേമപദ്ധതികൾ ഏറ്റെടുക്കുവാൻ, സദ്ഭരണം ഉറപ്പാക്കുവാൻ എല്ലാം നമുക്ക് കഴിയേണ്ടതുണ്ട്.

കൂരോപ്പട ഗ്രാമപഞ്ചായത്ത് പോലെ ഗ്രാമീണ സൌന്ദര്യം നിറഞ്ഞ പഞ്ചായത്തിൽ ആയത് നിലനിർത്തുന്നതിന് മാലിന്യ സംസ്കരണത്തിനായി ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. ഹരിതകർമ്മസേന പ്രവർത്തനങ്ങൾ, പഞ്ചായത്ത് എം.സി.എഫ്, പഞ്ചായത്ത് റോഡുകളുടെ നിർമ്മാണവും പരിപാലനവും, തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ, തുടങ്ങിയ അനിവാര്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നമ്മൾ കൂടുതൽ തുക നീക്കി വയ്ക്കേണ്ടതുണ്ട്. ഇന്നത്തെകാലത്തിൻറെ ഏറ്റവും വലിയ വിപത്തായ യുവജനതയെ നശിപ്പിക്കുന്ന മദ്യത്തിനും മയക്കുമരുന്നിനും എതിരെ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഉൾപ്പെടെ എല്ലാ ജനവിഭാഗങ്ങൾക്കും നീതി ലഭ്യമാക്കിക്കൊണ്ട് ശക്തവും സുസ്ഥിരവുമായ വികസന പരിപ്രേക്ഷ്യം നാം സ്വീകരിക്കണം

അധികാര വികേന്ദ്രീകൃത പ്രക്രിയയെ ശക്തിപ്പെടുത്തുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തും ജനപങ്കാളിത്തം ഉറപ്പാക്കിയും സുതാര്യവും കാര്യക്ഷമവുമായ നടപടികളിലൂടെ പഞ്ചായത്ത് ഭരണം മെച്ചപ്പെടുത്തുവാൻ ഈ ബഡ്ജറ്റ് ഉപകരിക്കട്ടെയെന്ന് ആശംസിക്കുന്നു.

ബഡ്ജറ്റ് അവതരണം യാഥാർത്ഥ്യമാക്കുവാൻ പ്രയത്നിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തികൊണ്ട് ഈ ബഡ്ജറ്റ് അവതരിപ്പിക്കട്ടെ.

## ബജറ്റ് അവതരണം

കൂരോപ്പട ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതമായി ജനറൽ വിഭാഗത്തിൽ 3,18,28,000 /– (മൂന്ന് കോടി പതിനെട്ട് ലക്ഷത്തി ഇരുപത്തിയെട്ടായിരം) രൂപയും എസ്.സി വിഭാഗത്തിൽ 32,61,000 /– ( മുപ്പത്തിരണ്ട് ലക്ഷത്തി അറുപത്തി ഒന്നായിരം) രൂപയും ജനറൽ പർപ്പസ് ഗ്രാന്റായി 2,32,72,000/– (രണ്ട് കോടി മുപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തി രണ്ടായിരം) രൂപയും റോഡ് മെയിന്റനൻസ് ഗ്രാന്റായി 1,72,63,000/– (ഒരു കോടി എഴുപത്തിരണ്ട് ലക്ഷത്തി അറുപത്തിമൂവായിരം) രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റായി ... 87,69,000/– ( എൺപ്പത്തി ഏഴ് ലക്ഷത്തി അറുപത്തി ഒമ്പതായിരം) രൂപയും ആണ് പ്രതീക്ഷിക്കുന്ന വിഹിതം.. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്ക് ,ടൈഡ് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഇതിലേക്ക് ചേർക്കാവുന്നതാണ്.

പ്രാരംഭ ബാക്കിയായി 2,00,08,716 /– (രണ്ട് കോടി എണ്ണായിരത്തി എഴുനൂറ്റി പതിനാറ് ) രൂപയും 2026–27 ലെ പ്രതീക്ഷിത വരവും ഉൾപ്പെടെ ആകെ വരവ് 20,19,52,716 /– (ഇരുപത് കോടി പത്തൊമ്പത് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി എഴുനൂറ്റി പതിനാറ് ) രൂപയും ചെലവ് 17,05,52,000/– (പതിനേഴ് കോടി അഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരം ) രൂപയും നീക്കിയിരിപ്പ് 3,14,00,716/– (മൂന്ന് കോടി പതിനാല് ലക്ഷത്തി എഴുനൂറ്റി പതിനാറ് ) രൂപയും പ്രതീക്ഷിക്കുന്നു.

## കൃഷി

പ്രധാനമായും കാർഷിക വൃത്തിയെ ആശ്രയിക്കുന്ന ഒരു ജനവിഭാഗമാണ് കൂരോപ്പട ഗ്രാമപഞ്ചായത്തിൽ വസിക്കുന്നത് . കാർഷിക മേഖലയിൽ വളരെ മികച്ച രീതിയിലുള്ള ഒരു മുന്നേറ്റമാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത് ആയതിൻറെ ഭാഗമായി പച്ചക്കറി കൃഷി, വാഴകൃഷി, കുരുമുളക് കൃഷി, കപ്പ കൃഷി, തുടങ്ങിയ കാർഷിക വിളകൾ കൃഷി

ചെയ്യുന്നതിനും തരിശുഭൂമി കൃഷി ചെയ്യുന്നതിനും  ഉൾപ്പെടെ കാർഷികമേഖലക്കായി 30,00,000 /- (മുപ്പത് ലക്ഷം)  രൂപ ബജറ്റിൽ വകയിരുത്തുന്നു.

## മൃഗസംരക്ഷണം, ക്ഷീരവികസനം

മൃഗസംരക്ഷണ പദ്ധതികളിലുൾപ്പെടുത്തി കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വളർത്തൽ, രോഗനിയന്ത്രണം പോത്തുകുട്ടി വിതരണം, പശുക്കുട്ടി വിതരണം തുടങ്ങിയ പദ്ധതികൾക്കായി 51,81,000/- (അമ്പത്തിയൊന്ന്  ലക്ഷത്തി എൺപത്തിയെന്നായിരം) രൂപ വകയിരുത്തുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ മറ്റൊരു പ്രധാന വരുമാന മാർഗ്ഗമായ ക്ഷീരവികസനത്തിനായി 27,00,000/- (ഇരുപത്തിയേഴ് ലക്ഷം) രൂപയും വകയിരിത്തിയിട്ടുണ്ട്.

## ഭവന നിർമ്മാണം

കുരോപ്പട ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവനം എന്ന ലക്ഷ്യത്തിലെത്താൻ വേണ്ടി ലൈഫ് ഭവന പദ്ധതി ഉൾപ്പെടെ  2,21,95,440/- (രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി നാന്നൂറ്റി നാല്പത്  ) രൂപയും വകയിരിത്തിയിട്ടുണ്ട്.

## സ്ത്രീ ശാക്തീകരണവും ക്ഷേമവും

സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെ ഉന്നമനത്തിനും വേണ്ടി വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി പുഷ്പകൃഷി, സ്വയംതൊഴിൽ സംരഭം, സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനായി വനിത ജിം ഉൾപ്പെടെയുള്ള പ്രോജക്ടുകൾക്കായി 51,00,000 /- (അമ്പത്തിയൊന്ന്  ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സാമൂഹ്യനീതി

അംഗൻവാടി വഴിയുള്ള പോഷകാഹാര പദ്ധതിയ്ക്ക് 32,00,000 /- (മുപ്പത്തിരണ്ട് ലക്ഷം)  രൂപയും ഭിന്നശേഷി സ്കോളർഷിപ്പ് നൽകുന്നതിനായി 7, 50,000 /- (ഏഴര ലക്ഷം) രൂപയും അഗതി ആശ്രയകേരളം പദ്ധതിയ്ക്കായി 6,00,000/- (ആറ് ലക്ഷം). രൂപയും വയോജനങ്ങളുടെ ക്ഷേമത്തിനായി കട്ടിൽ , വയോജനങ്ങളുടെ മാനസിക പിരിമുറുക്കങ്ങൾ കുറയ്ക്കുന്നതിന് വയോക്ലബ്ബ് എന്നിവക്ക് 1000000 രൂപ, ഭിന്നശേഷി കലാമേള, ഭിന്നശേഷിക്കാർക്ക് പെട്ടികട  ഉൾപ്പെടെ ഭിന്ന ശേഷിക്കാർക്കായി 10,00,000 /- (പത്ത് ലക്ഷം ) രൂപയും ബജറ്റിൽ വകയിരിത്തിയിട്ടുണ്ട്.

## കുടിവെള്ളം

കുടിവെള്ളവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾക്ക്  നാലര ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.  സി എഫ് സി ഫണ്ട് അനുവദിച്ച് ലഭിക്കുന്ന മുറയ്ക്ക് കുടിവെള്ള സമിതികൾക്ക് തുക നൽകുന്നത് ഉൾപ്പെടെ കൂടുതൽ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു

## ആരോഗ്യം

ആരോഗ്യ മേഖലയ്ക്കായി 62,47,000/- (അറുപ്പത്തിരണ്ട്  ലക്ഷത്തി നാല്പത്തിഏഴായിരം  ) രൂപ ബജറ്റിൽ വകയിരിത്തിയിരിക്കുന്നു. പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി 15,00,000/- (പതിനഞ്ച്  ലക്ഷം)  രൂപ ബജറ്റിൽ ബജറ്റിൽ വകയിരിത്തിയിട്ടുണ്ട്. ആയുർവേദ, ഹോമിയോ, അലോപ്പതി എന്നീ ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിനായി 32,00,000 /- (മുപ്പത്തിരണ്ട്  ലക്ഷം)  രൂപ വകയിരിത്തിയിട്ടുണ്ട്.

## മാലിന്യം ശുചിത്വം

മാലിന്യമുക്ത പ്രവർത്തനങ്ങൾക്കായി 4 ലക്ഷം രൂപയും ബജറ്റിൽ വകയിരിത്തിയിട്ടുണ്ട്. സി എഫ് സി ഫണ്ട് അനുവദിച്ച് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ പ്രവർത്തനങ്ങൾക്ക് തുക   വകയിരുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വിദ്യാഭ്യാസം

സർവ്വ ശിക്ഷാ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികൾക്കും  വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 1550000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി 1600000 രൂപയും ബജറ്റിൽ വകയിരിത്തിയിട്ടുണ്ട്.

**യുവജനക്ഷേമം,കല, സംസ്കാരം**

യുവജനങ്ങളുടെ ക്ഷേമത്തിനും, കലാ കായികരംഗത്തെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 550000 ... രൂപയും ബജറ്റിൽ വകയിരിത്തിയിട്ടുണ്ട്.

**തെരുവ് വിളക്കുകൾ**

തെരുവ് വിളക്ക് പരിപാലനം, സ്ട്രീറ്റ് ലൈൻ മെയിൻ വിലക്കൽ എന്നിവയ്ക്കായി 1000000 രൂപ വകയിരിത്തിയിട്ടുണ്ട്.

**റോഡുകൾ, ആസ്തികൾ**

റോഡുകളുടെയും മറ്റ് ആസ്തികളുടെയും വികസനത്തിന് ഊന്നൽ നൽകികൊണ്ട് മെയിന്റനൻസിനായി 2,77,59000 (രണ്ടുകോടി എഴുപത്തിഏഴ് ലക്ഷത്തി അമ്പത്തൊമ്പതിനായിരം) രൂപയും വകയിരിത്തിയിട്ടുണ്ട്.

**ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ദാരിദ്ര ലഘൂകരണ പദ്ധതിയിലുൾപ്പെടുത്തി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 1,50,00,000/- (ഒരു കോടി അമ്പത് ലക്ഷം) രൂപ വകയിരിത്തിയിട്ടുണ്ട്.

**സാമൂഹിക ക്ഷേമ പെൻഷൻ**

വിവിധ ക്ഷേമ പെൻഷനുകൾ, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ക്ഷേമനിധി എന്നിവയ്ക്കായി 75000000 രൂപ വകയിരുത്തുന്നു.

നാടിന്റെ സമഗ്ര വികസനത്തിനായി ജനക്ഷേമ പദ്ധതികൾ വിഭാവനം ചെയ്തുകൊണ്ടുള്ള ബജറ്റാണ് രൂപകൽപന ചെയ്തിട്ടുള്ളത്. അതിനാവശ്യമായ സർവ്വതല സ്പർശിയായ ഇടപെടലുകൾ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും ജനങ്ങളുടേയും ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

2026-27 ലെ ബജറ്റ് വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സ്നേഹാശംസകളോടെ...

**ഷീലചെറിയാൻ**

**വൈസ്പ്രസിഡൻറ്**